**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1372 — 03-10-2016 ൽ മറുപടിക്ക്

# വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** |
| എ) മുൻ സർക്കാരിന്റെ കാലത്ത് ഭരണ രംഗത്തെ എല്ലാ മേഖലകളിലും അഴിമതിയും ക്രമവിരുദ്ധമായ നടപടികളും വ്യാപകമായി നടന്നുവെന്ന ആരോപണങ്ങൾ സംബന്ധിച്ച് നിരവധി കേസ്സുകൾ ഉയർന്നുവരുന്നതിനാൽ വിജിലൻസ് വിഭാഗത്തിൽ കടുത്ത ജോലി ഭാരം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) അഴിമതിക്കേസ്സുകളിൽ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ബി) അഴിമതിക്കേസ്സുകളിൽ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ 6 വിജിലൻസ് കോടതികളെ കേന്ദ്ര ബിന്ദുവാക്കി 6 റെയ്ഞ്ചുകളായി തിരിച്ച് കൂട്ടതലായി 2 സ്പെഷ്യൽ യൂണിറ്റുകളും (എറണാകുളം, കോഴിക്കോട്) ഒരു ഗ്രീൻ സെല്ലും, ഒരു പുതിയ ഇന്റലിജൻസ് യൂണിറ്റും (തൃശ്ശൂർ കേന്ദ്രമായി) അനുവദിക്കുന്നത് സംബന്ധിച്ചും |

വിജിലൻസിലെ ഉദ്യോഗസ്ഥരുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിച്ച് കേസന്വേഷണം കൂടുതൽ വേഗത്തിലാക്കാൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരുടെയും പോലീസ് ഇൻസ്പെകടർമാരുടെയും മറ്റു തസ്തികകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും കൂടുതൽ കാര്യക്ഷമതയും, ഊർജ്ജസ്വലതയുള്ള ഉദ്യോഗസ്ഥരെ വിജിലൻസിൽ നില നിർത്തുന്നതിന് വേണ്ടി 25% വിജിലൻസ് ഇൻസെന്റീവ് നൽകുന്നതിനും, സി.ബി.ഐയിൽ ഉള്ളതു പോലെ വൺ സ്റ്റെപ്പ് പ്രൊമോഷൻ നൽകുന്നതു് സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

Rashmi T.

**സെക്ഷൻ ഓഫീസർ**